# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3196 20.06.2014-ൽ മറുപടിയ്ക്ക്

## അച്ചടിവകുപ്പിലെ സ്പെഷ്യൽ റൂൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാഗോപി | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) അച്ചടി വകുപ്പിൽ ഇപ്പോൾ സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് ഏതുവർഷം മുതൽ പ്രാബല്യത്തിൽ ഉള്ളതാണെന്ന് അറിയിക്കുമോ; | (എ) ഉണ്ട്. 1959 മുതൽ പ്രാബല്യത്തിലുള്ള കേരള ഗവൺമെന്റ് പ്രസ്സസ് സർവ്വീസ് സ്പെഷ്യൽ റൂൾസും 1976 മുതൽ പ്രാബല്യത്തിലുള്ള കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് റൂൾസും നിലവിലുണ്ട്. ബഹുമാനപ്പെട്ട കോടതി 05.02.2014 ൽ താഴെ പറയുന്ന പ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിക്ക കയുണ്ടായി."അച്ചടി വകുപ്പിലെ എല്ലാ നിയമനങ്ങളും സ്പെഷ്യൽ റൂൾ ഫൈനലൈസ് ചെയ്യുന്നതുവരെ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുള്ള കരട് സ്പെഷ്യൽ റൂളിനനുസൃതമായി നടത്തേണ്ടതാണ്. അത്തരത്തിൽ നടത്തിയിരിക്കുന്ന നിയമനങ്ങൾ അന്തിമ സ്പെഷ്യൽ റൂൾ വിജ്ഞാപനത്തിന് വിധേയമായിട്ടായിരിക്കണം നടപ്പിലാക്കേണ്ടത്." ഇപ്രകാരം നടപ്പിലാക്കുന്നതിന് അച്ചടിവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) നിലവിലുള്ള സ്പെഷ്യൽറൂൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഭേദഗതി നടപടികൾ പൂർത്തിയായിട്ടുണ്ടോ ; ഏതു തീയതി മുതൽക്കാണ് പുതുക്കിയ സ്പെഷ്യൽ റൂളിന് അംഗീകാരം നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ ; | (ബി) ഉണ്ട്. ടി രണ്ട് സ്പെഷ്യൽ റൂൾസും ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടികൾ പൂർത്തിയായിട്ടില്ല. കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ കരട് സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. കമ്മിറ്റി ചില നിർദ്ദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ കരട് സ്പെഷ്യൽ റൂൾസ് ഫൈനലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (ഡി) സൂപ്പർവൈസറി തസ്തികകളിൽ ജോലി ചെയ്യുന്ന ബിരുദ യോഗ്യതയുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് നൽകുന്ന 1 :1 പരിഗണന പുതിയ സ്പെഷ്യൽ റൂളിൽ നിലനിർത്തുമോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ? | (ഡി) പരിശോധിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ